(ഡി) പുതുതായി എത്ര ജലസേചന പദ്ധതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു; എവിടെയെല്ലാം;

(ഇ) ഓരോന്നിന്റെയും അടങ്കൽത്തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പതിനഞ്ച് ജലസേചന പദ്ധതികൾ ഇതിനകം പൂർത്തിയായി. അവ കുറ്റ്യാടി, മലമ്പുഴ, മംഗലം, ചിറ്റൂർപുഴ, ഗായത്രി, വാളയാർ, പോത്തുണ്ടി, പീച്ചി, ചീരക്കുഴി, വാഴാനി, ചാലക്കുടി, ചിമ്മിനി, പെരിയാർവാലി, പമ്പ, നെയ്യാർ എന്നിവയാണ്.

(ബി)&(സി) എട്ട് പദ്ധതികൾ പണിപൂർത്തിയാക്കാനുണ്ട്. അവയും പൂർത്തിയാക്കാനുള്ള കാലവും താഴെ കൊടുത്തിരിക്കുന്നു.

പഴശ്ശി - 1999-2000

കാരാപ്പുഴ - 9-ാം പദ്ധതിക്കാലത്ത്

കാഞ്ഞിരപ്പുഴ - 1999-2000

കുരിയാർകുറ്റി കാരപ്പാറ - 9-ാം പദ്ധതിക്കാലത്ത്.

ഇടമലയാർ- 9-ാം പദ്ധതിക്കാലത്ത്.

കണക്കൻകടവിലെ ബ്രിഡ്ജ് കം റെഗുലേറ്റർ പദ്ധതി - 1999-2000

മൂവാറ്റുപുഴ നദീതട പദ്ധതി - 9-ാം പദ്ധതിക്കാലത്ത്.

കല്ലട - 2000-2001

(ഡി)&(ഇ) വൻകിട-ഇടത്തരം മേഖലയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

44 (440) ശുദ്ധജലവിതരണ പദ്ധതി

ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടത്തുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്ത് വിദേശ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജലവിതരണ പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിശദ വിവരങ്ങൾ അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.†

(ബി) വിശദവിവരങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.†

---

† അനുബന്ധം VI

†' അനുബന്ധം VII (1) (2)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

(ചോദ്യം 44 (440) ന്റെ ഉത്തരം നോക്കുക)

1 - ഉത്തരം (എ) :

സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ചുള്ള പദ്ധതികൾക്കുപുറമെ 100 ശതമാനം കേന്ദ്രധനസഹായം ലഭിക്കുന്ന ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതികളും, 50% കേന്ദ്ര ധനസഹായം ലഭിക്കുന്ന ത്വരിത നഗരശുദ്ധജല പദ്ധതികളും, എൽ.ഐ.സി., ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്താൽ നടപ്പാക്കുന്ന പദ്ധതികളും, വിദേശസഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളും ജല അതോറിറ്റി ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

ഒ.ഇ.സി.എഫ്. (ജപ്പാൻ) ധനസഹായത്തോടെ രണ്ട് അർബൻ പ്രോജക്ടുകളും, മൂന്ന് റൂറൽ പ്രോജക്ടുകളും നടപ്പിലാക്കുന്നതിനുള്ള കരാർ ഉണ്ടാക്കിയിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിനാവശ്യമായ പ്രാരംഭനടപടികൾ സ്വീകരിച്ചു വരുന്നു.

ഫ്രഞ്ചു ഗവണ്മെന്റിന്റെ ധനസഹായം മുന്നിൽ കണ്ട് കല്പറ്റ, ആലപ്പുഴ എന്നീ പട്ടണങ്ങൾക്കും, കാസർഗോഡ് ജില്ലയിലെ ചീമേനിയും, സമീപ ഗ്രാമങ്ങളും, കൊച്ചിക്കുവേണ്ടിയും, നാല് പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഫ്രഞ്ചു ഗവണ്മെന്റിൽ നിന്ന് ധനസഹായം ലഭിക്കുകയാണെങ്കിൽ ഈ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയും.

കൂടാതെ, ലോകബാങ്കിന്റെ ധനസഹായം ലഭ്യമാക്കി ഏതാനും പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എൽ.ഐ.സി., ഹഡ്കോ ധനസഹായത്തോടെ 35 നഗരശുദ്ധജല വിതരണ പദ്ധതികളും, 53 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും നിർമ്മാണത്തിലുണ്ട്. 99.17 കോടി രൂപ മതിപ്പു ചെലവു പ്രതീക്ഷിക്കുന്ന 12 പുതിയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും, 9.916 കോടി രൂപ മതിപ്പുചെലവു പ്രതീക്ഷിക്കുന്ന ഒരു നഗരശുദ്ധജല വിതരണ പദ്ധതിയും 1998-99-ൽ എൽ.ഐ.സി.യുടെ ധനസഹായത്തിനായി സമർപ്പിച്ചിരുന്നു. ഇവയിൽ 98.99 വർഷത്തേക്കാവശ്യമായ 30.92 കോടി രൂപയുടെ വായ്പയാണ് എൽ.ഐ.സി.യിൽ നിന്നും ലഭ്യമാക്കുവാൻ വേണ്ടി ആവശ്യപ്പെട്ടിരുന്നത്. എന്നാൽ എൽ.ഐ.സി.യിൽനിന്നും കഴിഞ്ഞ വർഷം വായ്പ ലഭിക്കുകയുണ്ടായില്ല. കൂടാതെ എൽ.ഐ.സി.യുടെ ധനസഹായത്തോടെ പണി നടന്നുവരുന്ന 4 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ഹഡ്കോയുടെ ധനസഹായം കൂടി ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ 100% ധനസഹായത്തോടുകൂടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പരിപാടിയിൽ ഉൾപ്പെടുത്തി ഇപ്പോൾ 100 പദ്ധതികളുടെ പണികൾ നടന്നുവരുന്നു. (കഴിഞ്ഞ വർഷം അംഗീകാരം ലഭിച്ച പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു) പദ്ധതികൾക്കാവശ്യമായ സ്ഥലം പഞ്ചായത്തിൽനിന്നും സറണ്ടർ ചെയ്തുകിട്ടാത്തതിനാൽ ഇതിൽ പല പദ്ധതികളുടെയും പുരോഗതി മന്ദഗതിയിലാണ്.

ഇതിനുപുറമെ, 37 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ വിശദ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എ.ആർ.പി. സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുകയാണെങ്കിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മറ്റു നടപടികൾ സ്വീകരിക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ 50% കേന്ദ്രധനസഹായം ലഭിക്കുന്ന 3 പദ്ധതികളുടെ പണി ത്വരിത നഗരശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നു. ഇതിൽ ഒരു പദ്ധതി കണ്ണൂർ ജില്ലയിലും 2 പദ്ധതികൾ തൃശ്ശൂർ ജില്ലയിലുമാണ് നടന്നുവരുന്നത്. കൂടാതെ പുതിയ രണ്ട് പദ്ധതികൾക്കുകൂടി അംഗീകാരം നേടുവാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

കേന്ദ്രഗവൺമെന്റിന്റെ 75% ധനസഹായമുള്ള ടെക്നോളജിമിഷൻ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കൊല്ലം ജില്ലയിലെ ആലപ്പാട്, ക്ലാപ്പന ശുദ്ധ ജല പദ്ധതി, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറയും സമീപഗ്രാമ ങ്ങൾക്കുമായുള്ള ശുദ്ധജലപദ്ധതി എന്നിവയുടെ പണികൾ പുരോഗമിച്ചുവ രുന്നു.

ഇതുകൂടാതെ, കേന്ദ്രഗവൺമെന്റിന്റെ 50% ധനസഹായം ലഭിക്കുന്ന (1998-99 മുതൽ) ടെക്നോളജിമിഷൻ പദ്ധതിയിൽ തൃശ്ശൂരിലെ അഴീക്കോട്, എടവിലങ്ങ് പദ്ധതി (അടങ്കൽ തുക 394 ലക്ഷം രൂപ) വെങ്കിടങ്ങും സമീപ ഗ്രാമങ്ങൾക്കുമായുള്ള പദ്ധതി (അടങ്കൽ തുക 298 ലക്ഷം രൂപ) പാലക്കാട് ജില്ലയിലെ പുതുശ്ശേരിയും, സമീപഗ്രാമങ്ങൾക്കുമായുള്ള പദ്ധതി (അടങ്കൽ തുക 624 ലക്ഷംരൂപ) എന്നിവയ്ക്ക് കേന്ദ്രാനുമതിയും സംസ്ഥാന സർക്കാ രിന്റെ ഭരണാനുമതിയും ലഭിച്ചു. പണികൾ ആരംഭിക്കുവാൻ വേണ്ട നടപടി കൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ പുതിയ 5 ടെക്നോളജി മിഷൻ പദ്ധ തികൾക്കുകൂടി അംഗീകാരം നേടാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. എ.ആർ.പി. സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം ഈ പദ്ധതികൾക്കു ലഭിക്കുകയാണെങ്കിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള മറ്റു നടപടികൾ സ്വീക രിക്കാൻ കഴിയും.

കുടിവെള്ള ക്ഷാമവും, വരൾച്ചയും പരിഹരിക്കുന്നതിനായി 97-98-ൽ സംസ്ഥാന ഗവൺമെന്റ് കേരള ജല അതോറിറ്റിക്ക് 22.60 കോടി രൂപ അനുവ ദിക്കുകയുണ്ടായി. അതിൻപ്രകാരം 1002 പണികൾ ഏറ്റെടുത്തിരുന്നു. ഇവ യിൽ 937 പണികൾ പൂർത്തിയായി. ബാക്കി പണികൾ എത്രയും വേഗം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1999-ലെ വരൾച്ചാ ദുരിതാശ്വാസ പണികൾക്കായി 45.00 കോടിരൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രവർത്തനങ്ങളുടെ ഒരു രൂപരേഖ തയ്യാറാക്കി ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അംഗീകാരവും, ഫണ്ട്സും ലഭി ക്കുകയാണെങ്കിൽ പ്രസ്തുത പണികളും ആവശ്യാനുസൃതമായി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയും.

ശുദ്ധജല വിതരണരംഗത്ത് നിലവിലുള്ള അപര്യാപ്തത കണക്കിലെ ടുത്ത് എല്ലാവർക്കും 2000-ാം ആണ്ടോടുകൂടി ശുദ്ധജലം ലഭ്യമാക്കുക എന്ന മഹത്തായ ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ ഒരു കർമ്മ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

2000-ാം ആണ്ടോടെ എല്ലാപേർക്കും ശുദ്ധജലം എത്തിക്കുന്നതിനുവേ ണ്ടിയുള്ള പദ്ധതികൾക്ക് മൊത്തം 1423.4 കോടി രൂപ ചെലവു കണക്കാക്കു ന്നു. ഇതനുസരിച്ച് 128 പദ്ധതികൾ 2001 മാർച്ച് അവസാനത്തോടെ പൂർത്തി യാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതിൽ 41 പദ്ധതികൾ കമ്മീഷൻ ചെയ്തു കഴിഞ്ഞു. പണി നടന്നുവരുന്ന 48 പ്രധാന പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിൽ (1999-2000) പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

206/2010.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ഭാഗികമായി ശുദ്ധജല ലഭ്യതയുള്ളതും, ശുദ്ധജല ലഭ്യത തീരെ ഇല്ലാത്തതുമായ 649 ഹാബിറ്റേഷനുകളിൽ ആളോഹരി പ്രതിദിനം 40 ലിറ്റർ ശുദ്ധജലം എത്തിക്കുന്നതിനുള്ള പണികൾക്കുവേണ്ടി 42.23 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിക്കഴിഞ്ഞു. പ്രസ്തുത പദ്ധതികൾക്കു ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്നമുറയ്ക്ക് പണികൾ ഏറ്റെടുത്ത് നടത്തുന്നതാണ്.

2 - ഉത്തരം (ബി) :

സംസ്ഥാനത്ത് ശുദ്ധജലവിതരണത്തിനായി ഒ.ഇ.സി.എഫ്. (ജപ്പാൻ) ന്റെ സഹായത്തോടെ 1787.45 കോടി രൂപ മതിപ്പു ചെലവു പ്രതീക്ഷിക്കുന്ന അഞ്ച് ശുദ്ധജലവിതരണ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ആകെയുള്ള ഗുണഭോക്താക്കളുടെ എണ്ണം ഉദ്ദേശം 49 ലക്ഷമാണ്. ഈ പദ്ധതിയുടെ പ്രാരംഭപ്രവർത്തനമായി സ്ഥലമെടുപ്പു നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു. സ്ഥലമെടുപ്പ് കൊല്ലം ജില്ലയിൽ പൂർത്തിയായി. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ സ്ഥലമെടുപ്പ് പൂർത്തിയായി വരുന്നു. കോഴിക്കോടും കണ്ണൂരും സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നു. കൺസൾട്ടന്റിന്റെ നിയമനം നടത്തുന്നതിനുള്ള തടസ്സം നീക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ഫ്രഞ്ച് ധനസഹായത്തോടെ (French Mixed Credit Assistance) 4 ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതികളുടെ വിശദാംശങ്ങൾ, അംഗീകാരത്തിനായി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടായിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ സി.പി.എച്ച്. ഇ.ഓയുടെയും പ്ലാനിംഗ് കമ്മീഷന്റെയും പുതിയ മാർഗ്ഗരേഖ അനുസരിച്ച് പുതുക്കി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇതിനെ സംബന്ധിച്ച ചില വിവരങ്ങളും ഉറപ്പുകളും ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടപ്രകാരം പദ്ധതികൾ പുതുക്കി വീണ്ടും സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ സംസ്ഥാനത്ത് ശുദ്ധജലദൗർലഭ്യം അനുഭവപ്പെടുന്ന ഏതാനും പ്രദേശങ്ങളിൽ ലോകബാങ്കിന്റെ സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതികളുടെ പ്രാഥമിക റിപ്പോർട്ട് തയ്യാറായിട്ടുണ്ട്.

അനുബന്ധം VIII

നക്ഷത്രചിഹ്നമിടാത്ത 45 (441)-ാം നമ്പർ ചോദ്യം കാണുക

ONGOING SCHEMES UNDER ARWSP

Sl. No.	DISTRICT	SCHEME	Estimate Cost Rs. in lakhs.
1	Kasargod	Maloth & Adj. Villages	442.00
2.	Kannur	Chembilode	25.42
3.	Kannur	Irikkur & Adj. Pyts	301.02
4.	Kannur	Nediyanga & Chuzhali	211.20
5.	Kannur	Puthur	31.35
6.	Kannur	Mangattidam & Kandankunnu	58.87

LIBRARY ARCHIVES Kerala Legislative Assembly